DT/4268/2023-A5

/486536/2023

# കേരള സർക്കാർ

## ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

നം. ഉപ.സി.3/ 110 / 2023 /ഉഭപവ                    തിരുവനന്തപുരം, തീയതി : 12-09-2023

## സർക്കുലർ

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്- പി.എസ്.സി. മുഖേനയുള്ള നിയമനം ത്വരിതപ്പെടുത്തുന്നതിനായി നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്

സൂചന:- 08.11.2022 ലെ ഉപ.സി.3 / 100 / 2022 /ഉഭപവ നമ്പർ സർക്കലർ.

പി എസ് സി റാങ്ക് പട്ടികകളിൽ നിന്ന് പരമാവധി നിയമനങ്ങൾ നടത്തുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. അതിനായി ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ പി.എസ്.സി. മുഖേന നിയമനം നടത്തേണ്ട എല്ലാ ഒഴിവുകളും യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ മേധാവികൾക്കും നിയമനാധികാരികൾക്കും സ്ഥാപന മേധാവികൾക്കും നിർദ്ദേശം നൽകിയിരുന്നു. കൂടാതെ, ഓരോ കലണ്ടർ വർഷത്തെയും വിവിധ വകുപ്പകളിലെ വിവിധ തസ്തികകളിലെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. 2023 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ സൂചന സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുമുണ്ട്.

2. സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഒട്ടുമിക്ക വകുപ്പകളിൽ / സ്ഥാപനങ്ങളിൽ നിന്നും കൃത്യമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്തു വരുന്നുണ്ടെങ്കിലും, ചില വകുപ്പകളിൽ / സ്ഥാപനങ്ങളിൽ നിന്നും ഒഴിവുകൾ പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം വരുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ നിർദ്ദേശം നൽകിയിട്ടും ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം വരുത്തുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. ആയത് സർക്കാർ ഗൗരവതരമായി കാണുന്നു.

3. മേൽ സാഹചര്യത്തിൽ, പി എസ് സി റാങ്ക് ലിസ്റ്റുകളിൽ നിന്ന് യഥാസമയം നിയമനം നടത്തുന്നതിലേക്ക് വിവിധ വകുപ്പകളിലെ എൽ.ഡി ക്ലാർക്ക്, എൽ.ഡി ടൈപ്പിസ്റ്റ്, ലാസ്റ്റ് ഗ്രേഡ് സെർവന്റ്സ് മുതലായ കോമൺ കാറ്റഗറി തസ്തികകളിൽ ഉൾപ്പടെ എല്ലാ തസ്തികകളിലെയും പി.എസ്.സി. മുഖേന നിയമനം നടത്തേണ്ടതായ എല്ലാ ഒഴിവുകളും, പി.എസ്.സി മുഖാന്തിരം നിയമനം നടത്തുന്ന കമ്പനി/ കോർപ്പറേഷൻ/ ബോർഡ്/

യൂണിവേഴ്സിറ്റികൾ/ സഹകരണ സ്ഥാപനങ്ങൾ എന്നിവയിലെ വിവിധ തസ്തികകളിലെ എല്ലാ ഒഴിവുകളും പി എസ് സി യുടെ ഇ-വേക്കൻസി സോഫ്റ്റ് വെയർ മുഖേന കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ് എന്ന് എല്ലാ വകുപ്പ മേധാവികൾക്കും നിയമനാധികാരികൾക്കും സ്ഥാപന മേധാവികൾക്കും കർശന നിർദ്ദേശം നൽകുന്നു.

4. സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട ഭരണവകുപ്പ് സെക്രട്ടറിമാർക്കും, കീഴിൽ വരുന്ന വകുപ്പുകളിലെ/സ്ഥാപനങ്ങളിലെ ഒഴിവുകൾ പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ടോ എന്നത് പരിശോധിക്കേണ്ടതും, ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതുമാണ്.

**രാജീവൻ.എ.പി**
**ജോയിന്റ് സെക്രട്ടറി**

എല്ലാ അഡിഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്കും.
സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ സെക്ഷനുകൾക്കും

(ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)

എല്ലാ വകുപ്പ മേധാവികൾക്കും/നിയമനാധികാരികൾക്കും/ ജില്ലാ കളക്ടർമാർക്കും
എല്ലാ പൊതുമേഖലാ / സഹകരണ സ്ഥാപന മേധാവികൾക്കും
ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്തു സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള (ആമുഖ കത്ത് സഹിതം).
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള , തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം/ തിരുവനന്തപുരം(ആമുഖ കത്തു സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം)
വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**അംഗീകാരത്തോടെ**

**സെക്ഷൻ ഓഫീസർ**

**മേലെഴുത്ത് നമ്പർ:-DT/4268/2023-A5 തിയതി:18-09-2023**

സർക്കാർ സർക്കുലർ അറിവിലേക്കും തുടർനടപടികൾക്കുമായി നൽകുന്നു.

ഒപ്പ്/-
Dr. Veena N Madhavan IAS, DT DTTVPM, O/O DIRECTOR DTTVPM

// അംഗീകാരത്തോടെ //
സീനിയർ സൂപ്രണ്ട്.

/486530/2023

**സ്വീകർത്താവ്:-** എല്ലാ സ്ഥാപനമേധാവികൾക്കും

**പകർപ്പ്:-** എ2,എ3,എ6,എ9 സീറ്റുകൾ (ട്രെയിനിംഗ് ഡയറക്ടറേറ്റ്)